**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 578** | **23-02-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പാറത്തോട് പഞ്ചായത്തിലെ വില്ലണി എന്ന സ്ഥലത്ത് ഉൾപ്പെടുന്ന 15 ഹെക്ടർ 15 ആർ (37.43 എക്കർ) സ്ഥലം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പ്രാഥമിക പരിശോധന നടത്തുകയും സ്ഥല ഉടമകളിൽ നിന്നും സമ്മത പത്രം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായുള്ള സാദ്ധ്യതാപഠനം നടത്തുന്നതിന് കിൻഫ്ര, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി സാധ്യതാപഠനം നടത്തുന്നതിനു സൈറ്റ് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് പദ്ധതി വിലയിരുത്തൽ നടത്തേണ്ടതുണ്ട്. കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയാണ് സൈറ്റ് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ